കേരള ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

30 (*810) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലായോ ;

(ബി) ആയുർവ്വേദ സർവ്വകലാശാലകൊണ്ട് എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ;

(ഡി) ഗവേഷണ പ്രധാനമായ സർവ്വകലാശാല സ്ഥാപനത്തിനുമതിയായ ഫണ്ട് ബജറ്റിൽ വകയിരുത്തിയിരുന്നോ ;എങ്കിൽ എത്രയെന്ന് അറിയിക്കുമോ ; ഇതുവരെയുള്ള പ്രവൃത്തി പുരോഗതി അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആയുർവ്വേദ സർവ്വകലാശാലകൊണ്ട് സംസ്ഥാനത്ത് ആയുർവ്വേദ മേഖലയിലെ സമഗ്ര വികസനവും ഉന്നത പഠന ഗവേഷണത്തിന് വേണ്ടുന്ന സൗകര്യങ്ങളും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഉണ്ട്. കോട്ടയ്ക്കൽ വൈദ്യരത്നം പി. എസ്. വാര്യർ ആയുർവ്വേദ കോളേജിൽ നിലവിലുള്ള സ്ഥലം ഉപയോഗിച്ചുകൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും പിന്നീട് ആവശ്യമെങ്കിൽ സ്ഥലം സമീപ പ്രദേശത്തുനിന്നും കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ആയുർവ്വേദ സർവ്വകലാശാലയ്ക്കുവേണ്ടി 2013 ജൂലൈയിലെ ഉപധനാഭ്യർത്ഥന പ്രകാരം 2210-05-101-57(PV) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2014 മാർച്ചിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം ഇതിൽ 2.11 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ഉപധനാഭ്യർത്ഥന മുഖേന വിഹിതം വകയിരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം സമർപ്പിക്കാൻ സ്പെഷ്യൽ ഓഫീസറായ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly